# എട്ട് കീടനാശിനികൾ നിരോധിക്കപ്പെടുന്നു

മാരകസ്വഭാവമുള്ള ചില കീടനാശിനികളുടെ ഉപയോഗം വേണ്ടെന്നു വയ്ക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഐക്യരാഷ്ട്രസംഘടനയുടെ മുൻകൈയിൽ ജനീവയിൽവച്ച് സംഘടിപ്പിക്കപ്പെട്ട അന്താരാഷ്ട്ര സമ്മേളനത്തിൽ എട്ടു കീടനാശിനികൾ ലോകവ്യാപകമായി നിരോധിക്കാനുള്ള തീരുമാനമായി. സമ്മേളനത്തിൽ 115 രാഷ്ട്രങ്ങൾ പങ്കെടുത്തു. സമ്മേളന തീരുമാനങ്ങൾ അടുത്തവർഷം വിവിധ രാജ്യങ്ങളിലെ ഭരണകൂടങ്ങൾ അംഗീകരിക്കുമെന്നും 2001ൽ നടക്കുന്ന അടുത്ത സമ്മേളനത്തിൽവച്ച് തീരുമാനങ്ങൾ അന്തിമമായി അംഗീകരിക്കപ്പെടുമെന്നും കരുതുന്നു.

നിലവിൽ ഉപയോഗത്തിലുള്ള കീടനാശിനികളിൽവച്ച് പ്രകൃതിക്കും മനുഷ്യനും ജീവജാലങ്ങൾക്കും ഏറ്റവും കൂടുതൽ ദോഷങ്ങൾ ഉണ്ടാക്കുന്ന പന്ത്രണ്ടു കീടനാശിനികളുടെ നിരോധനമാണ് സമ്മേളനത്തിൽ മുഖ്യമായും ചർച്ചാവിഷയമായത്. പന്ത്രണ്ട് നീചന്മാർ (ഡർട്ടി ഡസൻ) എന്നു ലോകവ്യാപകമായി കുപ്രസിദ്ധിയാർജിച്ച ഈ പന്ത്രണ്ട് കീടനാശിനികളിൽപെട്ട ആൽഡ്രിൻ, എൻഡ്രിൻ, ടോക്സാഫീൻ എന്നീ മൂന്നെണ്ണം പരിപൂർണമായി നിരോധിക്കാൻ സമ്മേളനത്തിൽ തീരുമാനമായി.

ക്ലോർഡേൻ, ഡീൽഡ്രിൻ, ഹെപ്റ്റാക്ലോർ, ഹെക്സാക്ലോറോ ബെൻസീൻ, മിറെക്സ് എന്നീ അഞ്ചെണ്ണം ചില പ്രത്യേക രാജ്യങ്ങളിലൊഴികെ ലോകത്തിലെ മറ്റു ഭാഗങ്ങളിലെല്ലാം നിരോധിക്കപ്പെടേണ്ടതാണെന്നും തീരുമാനമായി.

ഡി.ഡി.റ്റി. മേൽപറഞ്ഞ പന്ത്രണ്ട് നീചന്മാരിൽ പ്രമുഖനാണെങ്കിലും മലേറിയ, കാലാ അസാർ എന്നീ സാംക്രമിക രോഗങ്ങൾ പരത്തുന്ന കൊതുകുകളെ നിയന്ത്രിക്കാൻ മൂന്നാം ലോകരാഷ്ട്രങ്ങൾ ഉപയോഗിച്ചുവരുന്നത് ഡി.ഡി.റ്റി. ആയതിനാൽ തൽക്കാലം അതിനു നിരോധനമേർപ്പെടുത്തില്ലെന്നാണ് സമ്മേളന തീരുമാനം.